REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബീഹാറിലെ പുതുക്കിയ വോട്ടർപട്ടികയുടെ കരട് പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം ഒരു പരാതി പോലും രാഷ്ട്രീയ പാർട്ടികൾ ഉന്നയിച്ചിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം.**
- **തദ്ദേശ ഭരണ വകുപ്പിൽ തേഡ് ഗ്രേഡ് ഓവർസീയർമാരുടെ 261 ഒഴിവുകളിൽ നിയമനം ഉടൻ നടത്തുമെന്ന് മന്ത്രി MB രാജേഷ്.**
- **സാംസ്കാരിക കേരളത്തിന്റെ ഗുരുവര്യൻ പ്രൊഫസർ MK സാനുവിന് നാടിന്റെ പ്രണാമം.**
- **കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും.**
- **സംസ്ഥാനത്ത് മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് ആലപ്പുഴ കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ടെണ്ടുൾക്കർ ആൻഡേഴ്സൺ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ആവേശകരമായ അന്ത്യത്തിലേക്ക്.**

## വാർത്തകൾ വിശദമായി

ബീഹാറിലെ പുതുക്കിയ വോട്ടർപട്ടികയുടെ കരട് പ്രസിദ്ധീകരിച്ച് 24 മണിക്കൂറിനകം ഒരു പരാതി പോലും രാഷ്ട്രീയ പാർട്ടികൾ ഉന്നയിച്ചിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. പട്ടികയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയതായോ കൂട്ടിച്ചേർത്തതായോ ആരും പരാതിപ്പെട്ടിട്ടില്ല.

വോട്ടർപട്ടികയ്ക്കെതിരെ പല തലങ്ങളിലും ആരോപണം ഉന്നയിച്ച രാഷ്ട്രീയ കക്ഷികൾ പോലും പരാതി നൽകിയിട്ടില്ലെന്നും കമ്മീഷൻ വ്യക്തമാക്കി.

✪✪✪

കേരളത്തിലെ തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം. അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

തദ്ദേശ ഭരണ വകുപ്പിൽ തേഡ് ഗ്രേഡ് ഓവർസീയർമാരുടെ 261 ഒഴിവുകളിൽ ഉടൻ നിയമനം ഉടൻ നടത്തുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. നിയമപ്രശ്നങ്ങളെ തുടർന്ന് തടസ്സപ്പെട്ട നിയമന കാര്യത്തിൽ കോടതി വിധി അനുകൂലമായതിനെത്തുടർന്നാണ് ഇതെന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. കോടതിവിധിയ്ക്ക് പിന്നാലെ സംസ്ഥാനത്ത് ശേഷിക്കുന്ന ഒഴിവുകൾ കൂടി PSCയ്ക്ക് റിപ്പോർട്ട് ചെയ്തതായും നിയമനം നടത്തുന്നതിന് പ്രധാന ശ്രദ്ധ ചെലുത്താൻ പ്രത്യേക നിർദേശം നൽകിയതായും മന്ത്രി വ്യക്തമാക്കി. അധിക യോഗ്യത അയോഗ്യതയാണോ എന്നത് സംബന്ധിച്ച നിയമപ്രശ്നങ്ങളെ തുടർന്നാണ് കഴിഞ്ഞ വർഷം മെയ് 13 മുതൽ തേഡ് ഗ്രേഡ് ഓവർസിയർമാരുടെ നിയമനം നിർത്തിവെച്ചത്.

✪✪✪

സാംസ്കാരിക കേരളത്തിന്റെ ഗുരുവര്യൻ പ്രൊഫസർ MK സാനുവിന് നാടിന്റെ പ്രണാമം. എറണാകുളം ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ചിരിക്കുന്ന പ്രൊഫസർ MK സാനുവിന്റെ ഭൗതിക ശരീരത്തിൽ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചുവരുന്നു. രാവിലെ എറണാകുളം  കരിക്കാമുറിയിലെ വസതിയിൽ കൊണ്ടുവന്ന ശേഷം ടൗൺഹാളിൽ എത്തിച്ച ഭൗതിക ശരീരത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ P.രാജീവ്, ഡോ. R.ബിന്ദു, VN വാസവൻ എന്നിവരടക്കം നിരവധി പേർ ആദരം അർപ്പിച്ചു.

എറണാകുളം മഹാരാജാസ് കോളേജിലെ ഉൾപ്പെടെ അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിൽ ഉൾപ്പെട്ട സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സാഹിത്യ രംഗങ്ങളിലെ പ്രമുഖരും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. വൈകിട്ട് രവിപുരം ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. ഇന്നലെ കൊച്ചിയിലെ സ്വകാര്യാശുപത്രിയിലായിരുന്നു 97-കാരനായ സാനുമാഷിന്റെ അന്ത്യം.

വിമർശനം, വ്യാഖ്യാനം, ജീവചരിത്രം, നോവൽ, ബാലസാഹിത്യം തുടങ്ങിയ ശാഖകളിലായി അമ്പതിലേറെ കൃതികൾ അദ്ദേഹം എഴുതി. കേരള ജ്യോതി പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് എന്നിവയടക്കം ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 1987ൽ എറണാകുളം മണ്ഡലത്തിൽ നിന്ന് ഇടത് സ്വതന്ത്ര സ്ഥാനാർത്ഥിയായി നിയമസഭാംഗവുമായി.

✪✪✪

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നീറ്റ് PG 2025 പരീക്ഷ നടത്തി. രണ്ടര ലക്ഷത്തോളം മെഡിക്കൽ ബിരുദധാരികളാണ് PG പ്രവേശന പരീക്ഷ എഴുതിയത്.

✪✪✪

സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗം കാലത്തിന്റെ ആവശ്യങ്ങളെ അഭിമുഖീകരിക്കുന്നില്ലെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കാലഹരണപ്പെട്ട കോഴ്സുകളും കരിക്കുലവുമായി ആർക്കും പ്രയോജനം ചെയ്യാതെ ഉന്നത വിദ്യാഭ്യസ രംഗം മലീമസമായി കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. കേരളത്തിലെ ക്യാമ്പസുകളെ ഉപേക്ഷിച്ച് വിദ്യാർത്ഥികൾ അന്യനാടുകളിലേക്ക് കുടിയേറുന്നത് ഇതുകൊണ്ടാണെന്നും രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി.

✪✪✪

ഇന്ന് അന്താരാഷ്ട്ര സൗഹൃദ ദിനം.ഐക്യരാഷ്ട്ര സഭ ജൂലൈ 30 ആണ് അന്താരാഷ്ട്ര സൗഹൃദദിനമായി പ്രഖ്യാപിച്ചതെങ്കിലും ഇന്ത്യയിൽ ഓഗസ്റ്റിലെ ആദ്യ ഞായറാഴ്ചയാണ് സൗഹൃദദിനാഘോഷം. സുഹൃദ് ബന്ധങ്ങളുടെ പ്രാധാന്യവും അത് ജീവിതത്തിന് നൽകുന്ന സന്തോഷവും സ്നേഹവും പിന്തുണയുമെല്ലാം ഈ ദിനം ഓർമ്മിപ്പിക്കുന്നു.

✪✪✪

ഇന്ത്യക്ക് 16 എയർബസ്, C-295 സൈനിക ചരക്ക് വിമാനങ്ങൾ സ്പെയിനിൽ കൈമാറി. നിശ്ചയിച്ച സമയത്തിന് രണ്ട് മാസം മുമ്പാണ് ഇന്ത്യയുടെ രാജ്യ രക്ഷാ ശേഷി വർദ്ധിപ്പിക്കുന്ന വിമാനങ്ങൾ ലഭിക്കുന്നത്. ഇന്ത്യയിലെ ആവ്രോ വിമാനങ്ങൾക്ക് പകരമാണ് ഇവ ഉപയോഗിക്കുന്നത്. കരാർ പ്രകാരം ഇനി 40 വിമാനങ്ങൾ വഡോദരയിലെ ടാറ്റാ - എയർബസ് ഫാക്ടറിയിൽ നിർമ്മിക്കും. ആദ്യ വിമാനം അടുത്ത വർഷത്തോടെ, ഫാക്ടറിയിൽ നിന്ന് പുറത്തിറക്കും. ബാക്കി വിമാനങ്ങൾ 2031 ഓടെ പൂർത്തീകരിക്കും.

✪✪✪

ആന്ധ്രാ പ്രദേശിലെ റോഡുകൾ അടുത്ത രണ്ട് വർഷത്തിനുള്ളിൽ അമേരിക്കയിലേതിന് തുല്യമാകുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ആന്ധ്രയിലെ മംഗളഗിരിയിൽ 27 റോഡ് വികസന പദ്ധതികളുടെ തറക്കല്ലിടൽ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. കേരള നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി മെംബേർസ് ലോഞ്ചിലെ ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജുകൊലിയാക്കോട്

........വോയ്സ്.........

രണ്ട് ദിവസം നീണ്ട കേരള ഫിലിം പോളിസി കോൺക്ലേവിനാണ് ഇന്ന് സമാപനം കുറിക്കുന്നത്. വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ രാജൻ, വി എൻ വാസവൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, സൂര്യ കൃഷ്ണമൂർത്തി, ടി വി ചന്ദ്രൻ തുടങ്ങിയവർ മുഖ്യാതിഥികളാകും. മന്ത്രി സജി ചെറിയാൻ ക്രോഡീകരണ പ്രഭാഷണം നടത്തും.കോൺക്ലേവിന്റെ ആദ്യ ദിനമായ ഇന്നലെ സിനിമാ മേഖലയിലെ ജോലി സമയം, സ്ത്രീ സുരക്ഷ, തൊഴിൽ കരാറുകൾ, തിയേറ്ററുകളിലെ പ്രതിസന്ധികൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

ഫിലിം ടൂറിസം, ഫിലിം ആർക്കൈവിംഗ്, ഫിലിം ഫെസ്റ്റിവൽ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇന്ന് ചർച്ച പുരോഗമിക്കുകയാണ്. 9 സെഷനുകളിലായി സിനിമയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്ത കോൺക്ലേവിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമായി നിരവധി പ്രമുഖ വ്യക്തികൾ പങ്കെടുത്തു.ഒരു ജനാധിപത്യപരമായ, പങ്കാളിത്ത സ്വഭാവമുള്ള സിനിമാ നയരൂപീകരണമാണ് കേരള ഫിലിം പോളിസി കോൺക്ലേവിന്റെ ലക്ഷ്യം.

ചർച്ചകളിൽ ഉയർന്നു വരുന്ന ആശയങ്ങൾ ക്രോഡീകരിച്ചാവും സിനിമാ നയത്തിൽ ഉൾപ്പെടുത്തുക.കോൺക്ലേവിൽ രൂപീകരിക്കുന്ന സിനിമാ നയം സർക്കാരിന് സമർപ്പിക്കും.

✪✪✪

മനുഷ്യാവകാശ, പരിസ്ഥിതി പ്രവർത്തകനും ചിന്തകനുമായ VB അജയകുമാർ അന്തരിച്ചു. 48 വയസായിരുന്നു. പുലർച്ചെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ദളിത്, ആദിവാസി, പാർശ്വവൽകൃത

സമൂഹങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രവർത്തിക്കുന്ന റൈറ്റ്സ് എന്ന NGO-യുടെ സ്ഥാപകനാണ്. അലയൻസ് ഫോർ ക്ലൈമറ്റ് ഫ്രണ്ട്ലൈൻ കമ്യൂണിറ്റീസ് എന്ന NGO-യുടെ ഗ്ലോബൽ കൺവീനർ ആയി പ്രവർത്തിക്കുകയായിരുന്നു.

ഉച്ചയ്ക്ക് ഒന്ന് മുതൽ 4 വരെ കൊടുങ്ങല്ലൂരിലെ വസതിയിൽ പൊതുദർശനം.

സംസ്ക്കാരം വൈകിട്ട് അഞ്ചിന് കൊടുങ്ങല്ലൂർ ചപ്പാറ ശ്മശാനത്തിൽ. നർമ്മദ ബച്ചാവോ അന്തോളൻ, പീപ്പിൾസ് വാച്ച് തുടങ്ങിയ പ്രസ്ഥാനങ്ങളിൽ പ്രവർത്തനം തുടങ്ങിയ അജയകുമാർ നിരവധി UN സമ്മേളനങ്ങളിൽ പാർശ്വവൽകൃത സമൂഹങ്ങൾക്കായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് മഴ വീണ്ടും ശക്തമായി. ഇന്ന് ആലപ്പുഴ കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് .

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ വൈകിട്ട് അഞ്ചര മുതൽ നാളെ രാത്രി എട്ടര വരെയും കന്യകുമാരി തീരത്ത് നാളെ രാത്രി 11.30 വരെയും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. സാധ്യതയുണ്ട്. മീൻപിടുത്തക്കാരും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. നാളെ കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തി.

✪✪✪

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ ജാഗ്രത കർശനമാക്കി. മൂന്നാർ ഗ്യാപ് റോഡ് വഴി രാത്രികാല ഗതാഗതം ബുധനാഴ്ച വരെ പൂർണ്ണമായി നിരോധിച്ചു. റോഡിന്റെ വശങ്ങളിലെ പാർക്കിങ്ങും വിലക്കി. ഖനന പ്രവർത്തനങ്ങൾക്കും ബുധനാഴ്ച വരെ നിരോധനമുണ്ട്.

✪✪✪

ടെണ്ടുൾക്കർ ആൻഡേഴ്സൺ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ആവേശകരമായ അന്ത്യത്തിലേക്ക്. ലണ്ടനിലെ ഓവൽ സ്റ്റേഡിയത്തിൽ പരമ്പര സമനിലയിലാകുമോ എന്ന ആകാംക്ഷയിലാണ് ക്രിക്കറ്റ് ലോകം. രണ്ട് വിജയം നേടിയ ഇംഗ്ലണ്ട് അഞ്ചാം ടെസ്റ്റിലും വിജയം നേടിയാൽ പരമ്പര കൈപ്പിടിയിലൊതുക്കും. ഇന്ത്യ ജയിച്ചാൽ പരമ്പര സമനിലയിലാകും. നാലാം

ദിവസമായ ഇന്ന് ഒരു വിക്കറ്റിന് 50 റൺസെന്ന നിലയിൽ ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. 374 റൺസാണ് അവരുടെ വിജയലക്ഷ്യം. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

✪✪✪

2025 ലെ പുരുഷ ട്വന്റി 20 ഏഷ്യാ കപ്പിന് ദുബൈയും അബുദാബിയും ആതിഥേയ നഗരങ്ങളാകുമെന്ന് ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. സെപ്റ്റംബർ 9 മുതൽ 28 വരെയാണ് ടൂർണമെന്റ്. ഫൈനൽ ഉൾപ്പെടെ 11 മത്സരങ്ങൾ ദുബായിലും എട്ട് മത്സരങ്ങൾ അബുദാബിയിലുമായിരിക്കും.

സെപ്റ്റംബർ 10 ന് UAE-ക്ക് എതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. 14 ന് ഇന്ത്യ പാക്കിസ്ഥാനെ നേരിടും.

✪✪✪

ദേശീയ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് കോഴിക്കോട്ട് ആരംഭിച്ചു. കേരള സ്റ്റേറ്റ് പവർ ലിഫ്റ്റിംഗ് അസോസിയേഷനും കോഴിക്കോട് ജില്ലാ പവർ ലിഫ്റ്റിംഗ് അസോസിയേഷനും സംയുക്തമായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സഹകരണത്തോടെയാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ചാമ്പ്യൻഷിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി ഉദ്ഘാടനം ചെയ്തു. 24 സംസ്ഥാനങ്ങളിൽ നിന്നുമായി 360 പുരുഷന്മാരും 180 വനിതകളും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കണ്ണൂരിൽ അന്തരിച്ച ഡോക്ടർ AK രൈരു ഗോപാലന്റെ മൃതദേഹം അല്പസമയത്തിനകം കണ്ണൂർ പയ്യാമ്പലത്ത് സംസ്കരിക്കും. ഡോക്ടറെ അവസാനമായി കാണാൻ വൻ ജനാവലിയാണ് കണ്ണൂർ താണയിലെ അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

......വോയ്സ്.......

ജനകീയ ഡോക്ടർ എന്നാണ് രൈരു ഗോപാലൻ ഡോക്ടറെ അറിയപ്പെട്ടിരുന്നത്. രണ്ടു രൂപ മാത്രം ഫീസ് വാങ്ങിക്കൊണ്ടായിരുന്നു ഡോക്ടർ രോഗികളെ ചികിത്സിച്ചിരുന്നത് 50 വർഷത്തിലേറെ അദ്ദേഹം രണ്ടു രൂപ മാത്രമായിരുന്നു ഫീസ് വാങ്ങിയത്. പിന്നീട് ഫീസ് പത്തുരൂപയായി ഉയർ

ത്തിയിരുന്നു. സാധാരണക്കാരുടെ അത്താണി യായിരുന്നു ഡോക്ടറും അദ്ദേഹത്തി ന്റെ ക്ലിനിക്കും.

പുലർച്ചെ 4 മണി മുതൽ വൈകീട്ട് നാലുവരെ ഡോക്ടർ രോഗികളെ പരിശോധിച്ചിരുന്നു. പി ന്നീട് കുറച്ചുകാലം രാവിലെ ആറു മുതൽ വൈകീട്ട് നാലുവരെയാക്കി. കുട്ടികൾ മുതൽ പ്രായമുള്ളവർവരെ ചികിത്സ യ്ക്കായി ഇവിടെ എത്താറുണ്ടായിരു ന്നു. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർ ക്ക് മരുന്ന് സൗജന്യമായി നൽകിയി രുന്നു. ജില്ലയ്ക്ക് പുറത്തുനിന്നും രോഗി കൾ എത്തിയിരുന്നു.

18 ലക്ഷം രോഗികളെ പരിശോധിച്ചും മരുന്നും നൽകിയുമാണ് വിരമിച്ചതെന്ന് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. പണമുണ്ടാക്കാ നാണെങ്കിൽ മറ്റെന്തെങ്കിലും പണിക്ക് പോയാൽ മതിയെന്നായിരു ന്നു രൈരു ഗോപാലിന് അച്ഛൻ ഡോ. എ. ഗോപാലൻ നമ്പ്യാർ നൽകിയ ഉപദേശം. പിന്നാലെയാണ് പരിശോധനാഫീസ് തുച്ഛമാ ക്കാൻ തീരുമാനിക്കുന്നത്. വിലക്കുറവുള്ള ഗുണമേൻമയുള്ള മരുന്നുകളാണ് ഡോക്ടർ കുറിക്കുകയെന്നും ഇങ്ങനെയൊരു ഡോക്ടർ ഇനിയുണ്ടാ വില്ലെന്നും ഡോക്ടറെ അവസാനമായി ഒന്ന് കാണാൻ എത്തിയവർ പറഞ്ഞു

✪✪✪

*News Editor & Reader: വി കെ സുരേഷ്*
*NRT: അനിൽ ചന്ദ്രൻ,ശ്രുതി എം*
*DEO: സി കെ സുബോധ്*